"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) - 2026-27 മുതൽ പ്രാബല്യത്തിൽ, ആകെ യൂണിറ്റ് കോസ്റ്റ് 56,000 രൂപയാക്കി വർദ്ധിപ്പിച്ചും തദ്ദേശ ഭരണസ്ഥാപന വിഹിതം 14,000 രൂപ ആയി നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.589/2026/LSGD　തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 10.10.2025ലെ AHD/2898/2025-B5 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.4

**ഉത്തരവ്**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ അനുവർത്തിക്കേണ്ട പരാമർശം 1 സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായ Calf Adoption Programme (CAP) ന്റെ യൂണിറ്റ് ചെലവ് 25,000/- രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ സംസ്ഥാന വിഹിതം (മൃഗസംരക്ഷണ വകുപ്പ്) 6,250/- രൂപയും, ഗുണഭോക്തൃ വിഹിതം 12,500/- രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി നൽകാൻ അനുമതി നൽകിയിട്ടുള്ളത് 6,250/- രൂപയുമാണ്.

2. 2012-ൽ അവസാനമായി പരിഷ്കരിച്ചതിനുശേഷം ഈ പദ്ധതിയുടെ യൂണിറ്റ് ചെലവ് 25,000/- രൂപയിൽ നിന്നും വർദ്ധിപ്പിച്ചിട്ടില്ല എന്നും, 2012 ന ശേഷം കാലിത്തീറ്റയുടെ ഉൾപ്പടെ വില വലിയ തോതിൽ വർദ്ധിച്ചിട്ടുള്ളതിനാൽ കന്നുകാലികൾ പ്രസവിക്കുന്നത് വരെ കർഷകർക്ക് പിന്തുണ നൽകുന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാനാകുന്നില്ല എന്നും, തീറ്റയുടെ ചെലവ്, കർഷകർക്കുള്ള പരിശീലന അലവൻസ്, Mineral mixture, ഇൻഷുറൻസ്, Managerial Subsidy, Fodder Slips എന്നിവ ഉൾപ്പടെ ചെലവുകൾക്കായി ആകെ യൂണിറ്റ് കോസ്റ്റ് 56,000/- രൂപയായി പരിഷ്കരിക്കുന്നതിനും, അതിൽ 28,000/- രൂപ ഗുണഭോക്തൃ വിഹിതവും, 14,000/- രൂപ സർക്കാർ വിഹിതവും, 14,000/- രൂപ തദ്ദേശ സ്ഥാപന വിഹിതവുമായി നിശ്ചയിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രത്യേക കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായ Calf Adoption

Programme (CAP) ന്റെ ആകെ യൂണിറ്റ് കോസ്റ്റ് പരാമർശം (1) മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.7 പ്രകാരം 56,000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. ഇതിൽ 14,000/- രൂപ മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതമാണ്. 14,000/- രൂപ തദ്ദേശ ഭരണസ്ഥാപന വിഹിതമായി നൽകാവുന്നതാണ്. 28,000/- രൂപ ഗുണഭോക്തൃ വിഹിതമായും കണ്ടെത്തണം. ഈ നിരക്ക് 2026-27 മുതൽക്കാണ് പ്രാബല്യത്തിൽ വരുന്നത്.

4. പരാമർശം (1) മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.7 ൽ മേൽ പ്രകാരം കൂട്ടിച്ചേർക്കൽ വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
22. മൃഗസംരക്ഷണ വകുപ്പ് (G1/237/2025-AH)
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 05-03-2026 18:00:29

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്